(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവർക്ക് അർഹതപ്പെട്ട ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ സ്ഥിരം വേക്കൻസി ഇല്ലാത്തതിനാലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഒ. പി. നം. 37878/01-ലെ ഇടക്കാല വിധി (സി. എം. പി. നം. 62078/01) പ്രകാരവുമാണ് ഇവരെ എംപാനൽ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്. അതിനാൽ ഇവർക്ക് എംപാനൽ ജീവനക്കാർക്കുള്ള വേതനമാണ് നൽകിവരുന്നത്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള ഒ. പി. നം. 37878/01-ലെ അന്തിമവിധിക്കനുസരണമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യിൽ ഒരു തസ്തികയിൽനിന്ന് മറ്റൊരു തസ്തികയിലേക്ക് മാറ്റം അനുവദിക്കുന്നതിന് നടപടി

123 [3528] പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ഏതെല്ലാം സാഹചര്യങ്ങളിലാണ് തസ്തികമാറ്റം അനുവദിക്കുന്നത്;

(ബി) പ്രസ്തുത ജീവനക്കാർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് തസ്തികമാറ്റം അനുവദിക്കാറുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി. കണ്ണൂർ ഡിപ്പോയിലെ ഡ്രൈവറായിരുന്ന മട്ടന്നൂർക്കാരൻ ശ്രീ. പത്മനാഭൻ കരിന്ത എന്നയാളിന് അയാളുടേതല്ലാത്ത തെറ്റിന്റെ പേരിൽ ലോറി അപകടത്തിൽപ്പെട്ട് കാല് നഷ്ടപ്പെടാനിടയായിട്ടുണ്ടോ;

(ഡി) ടിയാൻ അപകടത്തിൽപ്പെട്ടു സുഖം പ്രാപിച്ച് തിരിച്ചെത്തിയ ശേഷം കുറച്ചുകാലം പ്യൂൺ തസ്തികയിൽ ജോലി ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടായിരുന്നോ;

(ഇ) ടിയാൻ പ്യൂൺ തസ്തികയിലേക്ക് മാറ്റിത്തരണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മേലധികാരികൾ ഡ്രൈവറായി ജോലി ചെയ്യണമെന്ന് അയാളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എച്ച്) കാലു നഷ്ടപ്പെട്ടയാൾക്ക് ഡ്രൈവറായി ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരനെ പ്യൂൺ തസ്തികയിലേക്ക് മാറ്റുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ തസ്തികമാറ്റം അനുവദിക്കുന്നില്ല.

(ബി) കൃത്യനിർവ്വഹണത്തിനിടയിൽ പരിക്കുപറ്റുന്നവർക്കും മറ്റസുഖങ്ങളാൽ ലൈൻ ഡ്യൂട്ടി ചെയ്യാൻ കഴിയാത്ത ജീവനക്കാർക്കും ആറുമാസക്കാലത്തേക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്.

(സി) കെ. എസ്. ആർ. ടി. സി. കണ്ണൂർ ഡിപ്പോയിലെ ഡ്രൈവറായ ശ്രീ. പത്മനാഭൻ കരിന്ത ഓടിച്ചിരുന്ന ബസ്സ് 6-6-2001-ന് കോട്ടക്കൽ എന്ന സ്ഥലത്തു വച്ച് ഒരു മിനിലോറിയുമായി കൂട്ടിയിടിച്ച് ശ്രീ. പത്മനാഭന് പരിക്കുപറ്റുകയുണ്ടായിട്ടുണ്ട്. കാല് നഷ്ടപ്പെട്ടതായി അറിവില്ല.

(ഡി) അപകടത്തിൽപ്പെട്ട് ചികിത്സ കഴിഞ്ഞ് തിരിച്ചുവന്ന ശ്രീ. പത്മനാഭൻ കരിന്തയ്ക്ക് നിലവിലുള്ള വ്യവസ്ഥപ്രകാരം ആറു മാസത്തേക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കുകയുണ്ടായി. അതിനുശേഷം പ്രത്യേക പരിഗണനയായി ആറുമാസം കൂടി ലൈറ്റ് ഡ്യൂട്ടി അനുവദിച്ചിരുന്നു.

(ഇ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(എഫ്) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ തസ്തികമാറ്റം സംബന്ധിച്ച ഒരു പൊതുവായ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ജി) ആവശ്യപ്പെട്ടിട്ടില്ല.

(എച്ച്) പ്രസ്തുത വിഷയത്തിൽ പൊതുതീരുമാനത്തിന് വിധേയമായി മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കെ. എസ്. ആർ. ടി. സി.-യിൽ പി. എസ്. സി. കണ്ടക്ടർ ലിസ്റ്റിൽ നിന്നും എംപാനലായി ജോലി ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ

124 [3529] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ പി. എസ്. സി. തിരഞ്ഞെടുത്ത കണ്ടക്ടർ ലിസ്റ്റിൽനിന്നും എംപാനലായി ജോലി ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly